**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2273** **16-03-2022 - ൽ മറുപടിയ്ക്ക്**

**ഹീമോഫീലിയ രോഗബാധിതരുള്ള കുടുംബങ്ങളുടെ റേഷൻകാർഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | null<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഭാരിച്ച ചികിത്സാ ചെലവ് വരുന്ന ഹീമോഫീലിയ രോഗബാധിതരുള്ള കുടുംബങ്ങൾ മുൻഗണനാ കാർഡിന് അപേക്ഷ നൽകുമ്പോൾ പ്രത്യേക പരിഗണന നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (എ) | 18/09/2017 ലെ 320/17/ഭ.പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം മുൻഗണനാ ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെടാത്തതും, മാരകമായ രോഗങ്ങൾ, ഗുരുതരമായ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന അംഗങ്ങൾ ഉള്ളതുമായ കുടുംബങ്ങളെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി വരുന്നു. കൂടാതെ 27/10/2020 ലെ 319/2020/ ഭ.പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളതും എന്നാൽ ഗുരുതരരോഗബാധ, ഭിന്നശേഷി, സാമ്പത്തിക സാമൂഹിക പിന്നോക്കാവസ്ഥ തുടങ്ങിയ പരിഗണനീയമായ കാരണങ്ങളാൽ മുൻഗണനയ്ക്ക് അർഹരാണെന്ന് ബോധ്യപ്പെടുന്ന പക്ഷം മുൻഗണന വിഭാഗത്തിൽ ഉൾപ്പെടുത്തി വരുന്നു. ഏതെങ്കിലും രോഗം ബാധിച്ച ജനവിഭാഗത്തെ ഒന്നാകെ മുൻഗണന വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന് നിലവിൽ പ്രായോഗികമായ ബുദ്ധിമുട്ടുണ്ട്. എന്നാൽ ഗുരുതരമായ രോഗം ബാധിച്ച് ചികിത്സ നടത്താൻ സാമ്പത്തിക ബുദ്ധിമുട്ടുള്ള രോഗികളുടെ അപേക്ഷ പരിഗണിച്ച് പരിശോധന നടത്തിയശേഷം മുൻഗണന വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ